**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കൊച്ചി നഗരസഭ- പള്ളുരുത്തി സോണൽ ഓഫീസ്- റിലീഫ് സെറ്റിൽമെന്റ് സൂപ്രണ്ടിനെതിരായ പരാതി- അന്വേഷണ ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2287/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 18.10.2019

പരാമർശം : 1. ബഹ.തസ്വഭവകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 23.09.2019 തീയതിയിലെ 638/N/19/M-LSGD നമ്പർ കുറിപ്പ്

2.നഗരകാര്യ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടറുടെ 25.09.2019 തീയതിയിലെ ജി1-3161/19 നമ്പർ അന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

പരാമർശം ഒന്ന് പ്രകാരം, കൊച്ചി നഗരസഭയുടെ കീഴിലുള്ള പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റ് സൂപ്രണ്ടിനെതിരായ പരാതി സംബന്ധിച്ച് പരാമർശം രണ്ട് പ്രകാരം നഗരകാര്യ കൊച്ചി മേഖലാ ജോയിന്റ് ഡയറക്ടർ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിൻപ്രകാരം റിലീഫ് സെറ്റിൽമെന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു സമഗ്രാന്വേഷണം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസറായ ശ്രീ. ബിജുക്കുട്ടനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണറിപ്പോർട്ട് രണ്ട് ആഴ്ചയ്ക്കകം സമർപ്പിക്കണമെന്നും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

ശ്രീ.ബിജുക്കുട്ടൻ, സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ,
തദ്ദേശസ്വയംഭരണവകുപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ